# പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2238 — 05.02.2018-ൽ മറുപടിയ്ക്ക്

## നികുതി വളർച്ചാ നിരക്ക്

| ചോദ്യം<br>ശ്രീ.അനൂപ് ജേക്കബ് : | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | നടപ്പ് സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ പ്രതീക്ഷിത നികുതി വളർച്ചാ നിരക്ക് എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) | നടപ്പ് സാമ്പത്തിക വർഷത്തിൽ 25% നികുതി വളർച്ചാ നിരക്ക് പ്രതീക്ഷിച്ചിരുന്നു. |
| (ബി) | കേന്ദ്രസർക്കാരിൽ നിന്നുള്ള നഷ്ടപരിഹാരം ഉൾപ്പെടെ എത്ര ശതമാനം വളർച്ച കൈവരിക്കാൻ ഇതുവരെ സംസ്ഥാനത്തിന് കഴിഞ്ഞുവെന്ന് വെളിപ്പെടുത്താമോ; | (ബി)<br>&<br>(സി) | 2017 നവംബർ 30 വരെ നികുതി വർദ്ധനവ് 3.65% ശതമാനമാണ് കേന്ദ്ര കോമ്പൻസേഷനും കൂടി കണക്കിലെടുത്താൽ വർദ്ധനവ് 14% വരും. ജി.എസ്.ടി നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16 ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽ 2017-18-ൽ കേരളത്തിന്റെ ദ്വൈമാസ അർഹതപ്പെട്ട തുകയായി നിശ്ചയിച്ചിരി ക്കുന്നത് 3644 കോടി രൂപയാണ്. ഇതിൽനിന്നും ജി.എസ്.ടി കളക്ഷൻ കഴിച്ച് ബാക്കി തുകയാണ് നഷ്ടപരിഹാരം ലഭിക്കുന്നത്. ദ്വൈമാസക്കണക്കിൽ നഷ്ടപരിഹാരത്തിന്റെ ആദ്യ രണ്ടു ഗഡുക്കളായി ജൂലൈ- ആഗസ്റ്റ് മാസങ്ങളിലേയ്ക്ക് 810 കോടി രൂപയും സെപ്റ്റംബർ - ഒക്ടോബർ മാസങ്ങളിലേയ്ക്ക് 395 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. നഷ്ടപരിഹാരം ലഭിച്ചതിനാൽ നികുതിനഷ്ടം ഉണ്ടായതായി കരുതാനാവില്ല. എന്നാൽ കഴിഞ്ഞ ബഡ്ജറ്റിൽ വിഭാവനം ചെയ്ത രീതിയിൽ 25% നികുതി വർദ്ധന സംസ്ഥാനത്തിന് കൈവരിക്കാൻ സാധിച്ചിട്ടില്ല. |
| (സി) | നികുതി വളർച്ചാ നിരക്കിൽ കുറവുണ്ടായിട്ടുണ്ടെങ്കിൽ എന്തൊക്കെ പരിഹാര നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ